LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികൾ

250 (915) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ഓരോ ദിവസവും അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ ദിനംപ്രതിയുള്ള കേരളത്തിലേക്കുള്ള വരവ് നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

251 (916) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ വിവിധ മേഖലകളിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര തൊഴിലാളികൾ, ഏതൊക്കെ മേഖലകളിലാണ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിൽനിന്നും 290 അന്തർ സംസ്ഥാന തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.